**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2184** **07.07.2015-ൽ മറുപടിയ്ക്ക്**

## ആദിവാസി മേഖലയിലെ അവിവാഹിതരായ അമ്മമാർ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് | ശ്രീമതി.പി.കെ.ജയലക്ഷ്മി |
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും |
| ശ്രീമതി.കെ.എസ്.സലീഖ | കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| ശ്രീമതി.കെ.കെ.ലതിക | |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ആദിവാസി മേഖലയിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം വർദ്ധിക്കുന്നതായ ആക്ഷേപത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. ആദിവാസി മേഖലയിൽ അവിവാഹിതരായ അമ്മമാരുടെ എണ്ണം വർദ്ധിച്ചിട്ടില്ല. |
| ബി) | ആദിവാസി മേഖലയിൽ സ്ത്രീകളെ ശാരീരികമായ ചൂഷണം ചെയ്യപ്പെടുന്നതിൽ നിന്നും സംരക്ഷണം നൽകുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | ബി) & സി) | പട്ടികവർഗ്ഗക്കാർക്കെതിരായുള്ള അതിക്രമങ്ങൾ/ ചൂഷണങ്ങൾ തടയുന്നതിനും അവർക്ക് ലഭ്യമാകുന്ന നിയമപരിരക്ഷകൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും ലീഗൽ സർവ്വീസ് സൊസൈറ്റി മുഖേനയും തദ്ദേശീയരായ അഭിഭാഷകരുടെയും പൊതുപ്രവർത്തകരുടെയും സഹകരണത്തോടുകൂടി നിയമബോധവൽക്കരണ സെമിനാറുകൾ നടത്താറുണ്ട്. ഇതുകൂടാതെ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുന്നതിനായി സംസ്ഥാന വനിതാ കമ്മീഷൻ നടപടി സ്വീകരിക്കുന്നുണ്ട്. ആദിവാസി മേഖലയിലെ സ്ത്രീകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും നിയമം നടപ്പിലാക്കുന്നതിനും ജില്ലാതലത്തിൽ വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ആദിവാസികളെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ട അധികാരികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | | ഇത് 3 മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തി വരുന്നു. ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റിയും കൂടാറുണ്ട്. |
| ഡി) | ആദിവാസി പെൺകുട്ടികളെ പുറത്തുനിന്നുള്ളവർ വിവാഹം ചെയ്ത് അവിടെ താമസിക്കുകയും പ്രദേശത്തെ മറ്റ് പെൺകുട്ടികളെ പീഡിപ്പിക്കുകയും ചെയ്യുന്നതായ വാർത്തകളിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) | ഉണ്ട്. ഇത്തരം കേസുകളിൽ അതിക്രമങ്ങൾ തടയൽ നിയമം (1989) പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Haripriya

സെക്ഷൻ ഓഫീസർ